"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം.സാനീവ-സി2/236/2024-സാനീവ
സാമൂഹ്യനീതി (സി) വകുപ്പ്
തിരുവനന്തപുരം,
തീയതി: 30-09-2024

**<u>സർക്കുലർ</u>**

വിഷയം:- സാമൂഹ്യനീതി വകുപ്പ്-അന്താരാഷ്ട്ര വയോജന ദിനം സംസ്ഥാനത്ത് ആചരിക്കുന്നത്-സംബന്ധിച്ച്

മേൽ വിഷയത്തിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. **ഒക്ടോബർ 1,2024 അന്താരാഷ്ട്ര വയോജനദിനം** സംസ്ഥാനത്ത് ആചരിക്കുന്നതിന്റെ ഭാഗമായി ഇതോടൊപ്പം ചേർത്തിട്ടുള്ള പ്രതിജ്ഞ, അന്നേ ദിവസം എല്ലാ സർക്കാർ/പൊതുമേഖലാസ്ഥാപനങ്ങളിലും പൊതു വിദ്യാലയങ്ങളിലും ചൊല്ലുന്നതിന് നിർദ്ദേശിക്കുന്നു.

പുനീത് കുമാർ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/സെക്രട്ടറിമാർക്കും/സ്പെഷ്യൽ സെക്രട്ടറിമാർക്കും
സെക്രട്ടറിയേറ്റിലെ പൊതുഭരണം, ധനകാര്യം, നിയമം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും
ബഹു.ഗവർണറുടെ സെക്രട്ടറി, രാജ്ഭവൻ, തിരുവനന്തപുരം
രജിസ്ട്രാർ, ഹൈക്കോടതി, എറണാകുളം
നിയമസഭാ സെക്രട്ടറി, തിരുവനന്തപുരം
രജിസ്ട്രാർ, കേരള അഡ്മിസ്ട്രേറ്റീവ് ട്രിബ്യൂണൽ, തിരുവനന്തപുരം
രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, എറണാകുളം
സെക്രട്ടറി, കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ, തിരുവനന്തപുരം
സെക്രട്ടറി, കേരള വനിതാകമ്മീഷൻ, തിരുവനന്തപുരം
എല്ലാ വകുപ്പ് മേധാവികൾക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ യൂണിവേഴ്സിറ്റി രജിസ്ട്രാർമാർക്കും

ഡയറക്ടർ, പബ്ലിക് റിലേഷൻസ് വകുപ്പ്, വെബ് & ന്യൂമീഡിയ
കരുതൽ ഫയൽ

ഉത്തരവിൻപ്രകാരം

Signed by
Remya Kumari L
Date: 30-09-2024 16:08:09
സെക്ഷൻ ഓഫീസർ

പകർപ്പ്

ബഹു.ഉന്നത വിദ്യാഭ്യാസവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ചീഫ് സെക്രട്ടറിയുടെ ഓഫീസർ ഓൺ സ്പെഷ്യൽ സെക്രട്ടറിയ്ക്ക്

സാമൂഹ്യനീതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ-യ്ക്ക്

**വയോജനദിന പ്രതിജ്ഞ**

(അന്താരാഷ്ട്ര വയോജന ദിനം / 01.10.2024)

മുതിർന്ന പൗരന്മാർ നാടിന്റെ അമൂല്യസമ്പത്താണെന്നു ഞാൻ മനസ്സിലാക്കുന്നു

അവർ നാടിനു നൽകിയ മഹത്തായ സംഭാവനകളെ ഈ വയോജന ദിനത്തിൽ ഞാൻ ആദരപൂർവ്വം നമിക്കുന്നു.

ചെറുപ്പത്തിൽ നാം ഓരോരുത്തരെയും കരുതലോടെ കാത്തവരാണ് അവരെന്നും,

പ്രായമാകുമ്പോൾ ആ കരുതൽ തിരികെ നൽകേണ്ടത് നമ്മുടെ കടമയാണെന്നും ഞാൻ മനസ്സിലാക്കുന്നു.

എന്റെ മാതാപിതാക്കളെയും ഉറ്റ ബന്ധുക്കളെയും അവരുടെ വാർദ്ധക്യകാലത്ത് എന്റെ കഴിവിന്റെ പരമാവധി പരിപാലിക്കൽ എന്റെ കടമയായി ഞാൻ തിരിച്ചറിയുന്നു.

അവർ അടക്കം, ഓരോ മുതിർന്ന പൗരനും ജീവനുള്ള സുവർണ്ണ സമ്പാദ്യമാണെന്ന് ഞാൻ എപ്പോഴും ഓർമ്മിക്കും.

സമൂഹത്തിലെ ഓരോ മുതിർന്ന പൗരനും ഞാൻ കൈത്താങ്ങാകും.

തണലേകിയവർക്ക് തണലാകാൻ ഞാൻ എന്നും കൈകോർക്കും.

പ്രായാധിക്യം മൂലമുള്ള അവശതകളിലും പ്രയാസങ്ങളിലും അവരെ ഞാൻ ചേർത്തുപിടിക്കും.

മുതിർന്ന പൗരന്മാരോട് എപ്പോഴും ബഹുമാനത്തോടെയും ആദരവോടെയും പെരുമാറുമെന്നും,

വാക്കുകൊണ്ടോ പ്രവൃത്തികൊണ്ടോ മുതിർന്ന പൗരന്മാരെ ഞാൻ നോവിക്കില്ലെന്നും,

വയോജനങ്ങളുടെ ക്ഷേമത്തിനായി ആത്മാർത്ഥമായി നിലകൊള്ളുമെന്നും

ഞാൻ ദൃഢപ്രതിജ്ഞ ചെയ്യുന്നു.